compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 14
Tuesday, 14th October 2025

1201 കന്നി 28
28th Kanni 1201

1947 ആശ്വിനം 22
22nd Aswina 1947

വാല്യം 14
Vol. XIV

നമ്പർ **41**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69(2) പ്രകാരം]

നമ്പർ ARGNTA/2169/2025-UI(4). 2025 സെപ്റ്റംബർ 29.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 23-8-2025 തീയതിയിലെ JRGTVM/698/2025-AEL നമ്പർ ഉത്തരവ് പ്രകാരം പൊഴിയൂർ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1023-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്,
നെയ്യാറ്റിൻകര.

ലിക്വിഡേറ്റർ/പൊഴിയൂർ കൺസ്യൂമർ
സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1023
പാറശ്ശാല യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

നമ്പർ ARGTVM/1561/2024-UI(1)MKD. 2025 സെപ്റ്റംബർ26.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 24-9-2024 തീയതിയിലെ ARGTVM/3136/2024 -AEL നമ്പർ ഉത്തരവ് പ്രകാരം സതേൺ റയിൽവേ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 402-ന്റെ പ്രവർത്തനം സമാപ്തീകരിക്കുവാൻ തിരുവനന്തപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മണക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലികിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ടി സംഘത്തിൽ നിന്നും ഏതെങ്കിലും വ്യക്തികൾക്ക് തുകയോ മറ്റ് ആസ്തികളോ ലഭിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം മണക്കാട് യൂണിറ്റ് ഇൻസ്പെക്ടർ/ ലികിഡേറ്ററുടെ ആഫീസായ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന വിവരം എല്ലാവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. സമയ പരിധി അവസാനിച്ചതിനു ശേഷമുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല എന്ന വിവരവും പ്രത്യേകം അറിയിക്കുന്നു.

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
തിരുവനന്തപുരം. ലികിഡേറ്റർ/മണക്കാട് യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആലപ്പുഴ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുബിന, വി. കെ.)

(1)

നമ്പർ JRGALP/1901/2025-AEL. 2025 ആഗസ്റ്റ് 27.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—വെട്ടിയാർ ലിഫ്റ്റ് ഇറിഗേഷൻ കർഷക സഹകരണ സംഘം (ക്ലിപ്തം) എ. 321-ന്റെ രജിസ്ട്രേഷൻ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ഓഫീസിലെ 4-5-2023-ലെ JRGALP/702/2022-HM നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 13-8-2025-ലെ ഇതേ നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 21-8-2025-ലെ നടപടിക്രമം.

(4) മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 27-8-2025-ലെ ARGMVA/383/2025-UI(3) നമ്പർ കത്ത്.

15-12-1973-ൽ രജിസ്റ്റർ ചെയ്ത് 18-12-1974-ൽ പ്രവർത്തനം ആരംഭിച്ച വെട്ടിയാർ ലിഫ്റ്റ് ഇറിഗേഷൻ കർഷക സഹകരണ സംഘം (ക്ലിപ്തം) എ. 321 ദീർഘകാലമായി പ്രവർത്തനരഹിതമാകുകയും, പുനരുദ്ധീകരണത്തിനുള്ള സാധ്യത ഇല്ലാതാകുകയും ചെയ്ത സാഹചര്യത്തിൽ ടി സംഘത്തെ ലിക്വിഡേറ്റ് ചെയ്യുന്നതിനായി സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഭരണിക്കാവ് യൂണിറ്റ് ഇൻസ്പെക്ടറെ സൂചന (1) പ്രകാരം ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ 10-5-2023-ൽ ചാർജ്ജെടുക്കുകയും ചെയ്തിരുന്നു. സംഘം സർക്കാരിലേക്ക് ഒടുക്കുവാനുണ്ടായിരുന്ന എല്ലാ തുകകളും അടച്ച് തീർത്തിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി സംഘത്തിന്റെ ഈടാക്കിയെടുക്കുവാൻ പറ്റാത്ത ബാക്കിനിൽപ്പ് ആസ്തികൾ എഴുതിതള്ളിയും, കൊടുത്ത് തീർക്കുവാൻപറ്റാത്ത ബാക്കിനിൽപ്പ് ബാദ്ധ്യതകൾ കണ്ട്കെട്ടിയും ആയവ സംഘം കണക്കിൽ നിന്നും കുറവ് ചെയ്യുന്നതിന് ലിക്വിഡേറ്ററെ അനുവദിച്ചും ബാങ്കിലെ നീക്കിയിരിപ്പ് തുക അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റുന്നതിനും സൂചന (2) പ്രകാരം ഉത്തരവ് നൽകിയിരുന്നു. തുടർന്ന് ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73 അനുസരിച്ച് ടി സംഘത്തെ അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ലിക്വിഡേറ്ററുടെ സൂചന (3) ഉത്തരവ് അംഗീകരിച്ചുകൊണ്ട് സഹകരണ നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്തിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ ടി സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തിയായതായി ബോദ്ധ്യപ്പെട്ട് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വെട്ടിയാർ ലിഫ്റ്റ് ഇറിഗേഷൻ കർഷക സഹകരണ സംഘം (ക്ലിപ്തം) എ. 321-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ലഭ്യമായ റിക്കാർഡുകൾ ലിക്വിഡേറ്റർ മൂന്നു വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ഓഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ JRGALP/1899/2025-AEL. 2025 ആഗസ്റ്റ് 27.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—സിൽക്ക് എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) എ.950-ന്റെ രജിസ്ട്രേഷൻ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ഓഫീസിലെ 16-5-2023-ലെ JRGALP/1257/2022-HM നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 21-8-2025-ലെ ഇതേ നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 27-8-2025-ലെ നടപടിക്രമം.

(4) ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 27-8-2025-ലെ ARGCTA/563/2023-UI(4) നമ്പർ കത്ത്.

9-7-1993-ൽ രജിസ്റ്റർ ചെയ്ത് 27-7-1993-ൽ പ്രവർത്തനം ആരംഭിച്ച സിൽക്ക് എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) എ.950 ദീർഘകാലമായി പ്രവർത്തനരഹിതമാകുകയും, പുനരുദ്ധീകരണത്തിനുള്ള സാധ്യത ഇല്ലാതാകുകയും ചെയ്ത സാഹചര്യത്തിൽ ടി സംഘത്തെ ലിക്വിഡേറ്റ് ചെയ്യുന്നതിനായി സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കഞ്ഞിക്കുഴി യൂണിറ്റ് ഇൻസ്പെക്ടറെ സൂചന (1) പ്രകാരം ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ 31-5-2023-ൽ ചാർജ്ജെടുക്കുകയും ചെയ്തിരുന്നു. സംഘം സർക്കാരിലേക്ക് ഒടുക്കുവാനുണ്ടായിരുന്ന എല്ലാ തുകകളും അടച്ച് തീർത്തിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി സംഘത്തിന്റെ ഈടാക്കിയെടുക്കുവാൻ പറ്റാത്ത ബാക്കിനിൽപ്പ് ആസ്തികൾ എഴുതിതള്ളിയും, കൊടുത്ത് തീർക്കുവാൻപറ്റാത്ത ബാക്കിനിൽപ്പ് ബാദ്ധ്യതകൾ കണ്ട്കെട്ടിയും ആയവ സംഘം കണക്കിൽ നിന്നും കുറവ് ചെയ്യുന്നതിന് ലിക്വിഡേറ്ററെ അനുവദിച്ചും ബാങ്കിലെ നീക്കിയിരിപ്പ് തുക അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റുന്നതിനും സൂചന (2) പ്രകാരം ഉത്തരവ് നൽകിയിരുന്നു. തുടർന്ന് ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73 അനുസരിച്ച് ടി സംഘത്തെ അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ലിക്വിഡേറ്ററുടെ സൂചന(3) ഉത്തരവ് അംഗീകരിച്ചുകൊണ്ട് സഹകരണ നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്തിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ ടി സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തിയായതായി ബോദ്ധ്യപ്പെട്ട് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സിൽക്ക് എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) എ.950-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽനിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ലഭ്യമായ റിക്കാർഡുകൾ ലിക്വിഡേറ്റർ മൂന്നു വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ഓഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)

നമ്പർ JRGALP/1891/2025-AEL. 2025 ആഗസ്റ്റ് 29.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—ട്രാവൻകൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം) എ.1033-ന്റെ രജിസ്ട്രേഷൻ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ഓഫീസിലെ 25-10-2023-ലെ JRGALP/1259/2022-HM നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 21-8-2025-ലെ ഇതേ നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 27-8-2025-ലെ നടപടിക്രമം.

(4) ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 27-8-2025-ലെ ARGCTA/99/2023-UI(5) നമ്പർ കത്ത്.

12-2-1998-ൽ രജിസ്റ്റർ ചെയ്ത് 26-2-1998-ൽ പ്രവർത്തനം ആരംഭിച്ച ട്രാവൻകൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം) എ.1033 ദീർഘകാലമായി പ്രവർത്തനരഹിതമാകുകയും, പുനരുദ്ധീകരണത്തിനുള്ള സാധ്യത ഇല്ലാതാകുകയും ചെയ്ത സാഹചര്യത്തിൽ ടി സംഘത്തെ ലിക്വിഡേറ്റ് ചെയ്യുന്നതിനായി സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മുഹമ്മ യൂണിറ്റ് ഇൻസ്പെക്ടറെ സൂചന (1) പ്രകാരം ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ 8-11-2023-ൽ ചാർജ്ജെടുക്കുകയും ചെയ്തിരുന്നു. സംഘം സർക്കാരിലേക്ക് ഒടുക്കുവാനുണ്ടായിരുന്ന എല്ലാ തുകകളും അടച്ച് തീർത്തിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി സംഘത്തിന്റെ ഈടാക്കിയെടുക്കുവാൻ പറ്റാത്ത ബാക്കിനിൽപ്പ് ആസ്തികൾ എഴുതിതള്ളിയും, കൊടുത്ത് തീർക്കുവാൻപറ്റാത്ത ബാക്കിനിൽപ്പ് ബാദ്ധ്യതകൾ കണ്ട്കെട്ടിയും ആയവ സംഘം കണക്കിൽ നിന്നും കുറവ് ചെയ്യുന്നതിന് ലിക്വിഡേറ്ററെ അനുവദിച്ചും ബാങ്കിലെ നീക്കിയിരിപ്പ് തുക അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റുന്നതിനും സൂചന (2) പ്രകാരം ഉത്തരവ് നൽകിയിരുന്നു. തുടർന്ന് ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73 അനുസരിച്ച് ടി സംഘത്തെ അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ലിക്വിഡേറ്ററുടെ സൂചന(3) ഉത്തരവ് അംഗീകരിച്ചുകൊണ്ട് സഹകരണ നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്തിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ ടി സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തിയായതായി ബോദ്ധ്യപ്പെട്ട് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ട്രാവൻകൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം) എ.1033-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽനിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ലഭ്യമായ റിക്കാർഡുകൾ ലിക്വിഡേറ്റർ മൂന്നു വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ഓഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ആലപ്പുഴ. (ഒപ്പ്) ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ-ടെ (ജനറൽ) നടപടിക്രമം

(ഹാജർ: ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

(1)

നമ്പർ JRMPM/2266/2025-HMC1. 2025 സെപ്റ്റംബർ 25.

വിഷയം:— സഹകരണ വകുപ്പ്—മോങ്ങം എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 741—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:— (1) ഈ കാര്യാലയത്തിലെ 26-12-2014-ലെ എസ്. സി. റ്റി. /9663/2014 നമ്പർ ഉത്തരവ്.

(2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേരിയുടെ 10-8-2016-ലെ 1439/1802 നമ്പർ ഉത്തരവ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേരിയുടെ 21-12-2016 തീയതിയിലെ 1459/2016-ഒ2 നമ്പർ കത്തും പരിശോധനാ ഉദ്യോഗസ്ഥന്റെ 6-10-2016-ലെ അന്വേഷണ റിപ്പോർട്ടും.

(4) ഈ കാര്യാലയത്തിലെ 30-7-2025-ലെ ഇതേ നമ്പർ നോട്ടീസ്.

ജില്ലയിലെ പ്രവർത്തന രഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്തവയെ സമാപ്തീകരിക്കുവാനുള്ള ജോയിന്റ് രജിസ്ട്രാറുടെ 6-1-2023 തീയതിയിലെ അവലോകന യോഗത്തിലെ നിർദ്ദേശ പ്രകാരം മോങ്ങം എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എം 741-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (2) പ്രകാരം ഉത്തരവായ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി പരാമർശം (3) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ മോങ്ങം ആസ്ഥാനമാക്കി 15-2-2006-ൽ രജിസ്റ്റർ ചെയ്യുകയും 18-3-2006-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മോങ്ങം എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എം 741-ന്റെ പ്രവർത്തന പരിധി മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ, കുഴിമണ്ണ, നെടിയിരുപ്പ്, കൊണ്ടോട്ടി എന്നീ പഞ്ചായത്തുകളാണ്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം ₹ 500 വിലയുള്ള 3000 'എ' ക്ലാസ് ഓഹരികളും, ₹ 250 വിലയുള്ള 2000 'ബി' ക്ലാസ് ഓഹരികളും, ₹ 10 വിലയുള്ള 20000 'സി' ക്ലാസ് ഓഹരികളും അടങ്ങിയ ₹ 22,00,000-ആണ്. 31-3-2016-ലെ ആഡിറ്റ് റിപ്പോർട്ട് അനുസരിച്ച് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 400 അംഗങ്ങളിൽ നിന്നും ₹ 1,17,460-ആണ്. വർഷങ്ങളായി സംഘത്തിൽ അംഗങ്ങളെ ചേർക്കുകയോ ഓഹരി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

സംഘത്തിന്റെ പരമാധികാരം പൊതുയോഗത്തിനാണ്. 15-9-2011 മുതൽ സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ലായെന്നും 20-2-2015 മുതൽ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ ആണ് സംഘം ഭരണം നിർവ്വഹിച്ച് വരുന്നതെന്നും പരാമർശം (1) പ്രകാരം പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ട് മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവായിട്ടുണ്ടെന്നും 20-2-2015-ന് പാർട്ട്ടൈം അഡ്മിനിസ്ട്രേറ്റർ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുത്തിട്ടുണ്ടെന്നും സംഘത്തിൽ പുതിയ ഭരണസമിതി രൂപീകരിക്കാൻ ശ്രമിച്ചെങ്കിലും, സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ ആരും തന്നെ തയ്യാറാകാത്ത സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്തി ചാർജ്ജ് കൈമാറാൻ സാധിച്ചിട്ടില്ലായെന്നും സംഘം ഇപ്പോൾ പൂർണ്ണമായും പ്രവർത്തന രഹിതമാണെന്നും വർഷങ്ങളായി സംഘത്തിൽ ഒരു പ്രവർത്തനവും നടന്നതായി കാണുന്നില്ലായെന്നും ജില്ലാ സഹകരണ ബാങ്ക് മോങ്ങം ബ്രാഞ്ചിൽ ₹ 1,455 നിക്ഷേപയിനത്തിൽ ബാക്കിനിൽപ്പുള്ളതായി കാണുന്നുണ്ടെന്നും സംഘത്തിന് സസ്പെൻസ് അസറ്റ് ഇനത്തിൽ ₹ 1,245 കിട്ടാനുള്ളതായും, സസ്പെൻസ് ലയബിലിറ്റി ഇനത്തിൽ ₹ 3,720 കൊടുക്കാനുള്ളതായും കാണുന്നുണ്ടെന്നും ₹ 74,050-ടെ മൂവബിൾ അസറ്റ് സംഘത്തിൽ ഉള്ളതായി കാണുന്നുണ്ടെന്നും 2015-16 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം അറ്റനഷ്ടം 1,28,268.30-രൂപയാണെന്നും വകുപ്പ് 66 പരിശോധനാ റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വർഷങ്ങളായി പ്രവർത്തന രഹിതമായി നിൽക്കുന്ന സംഘത്തിൽ പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ, സംഘം നിർത്തൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) പ്രകാരം വകുപ്പ് 66 പരിശോധനാ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ കൃത്യമായ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും പ്രവർത്തന സാധ്യത ഇല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മോങ്ങം എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എം 741-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72(1) പ്രകാരം കൊണ്ടോട്ടി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ കൊണ്ടോട്ടി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കി പത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും, ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ JRMPM/463/2025-HMC2. 2025 സെപ്റ്റംബർ 23.

വിഷയം: —കന്മനം ഓട്ടോ ടാക്സി തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ എം.701-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:— (1) സഹകരണ സംഘം രജിസ്ട്രാറുടെ (ജനറൽ) 21-11-2022-ലെ RCS/7921/2022 AEL(1) നമ്പർ കത്ത്.

(2) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 13-2-2025-ലെ ARGTIR/985/2024-OI(2) നമ്പർ ഉത്തരവ്.

(3) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 14-5-2025-ലെ ARGTIR/985/2024-OI(2) നമ്പർ കത്തും 11-4-2025-ലെ വകുപ്പ് 66 പരിശോധന റിപ്പോർട്ടും.

(4) ഈ കാര്യാലയത്തിലെ 25-6-2025 തീയതിയിലെ ഇതേ നമ്പർ കത്ത്.

ദീർഘകാലമായി പ്രവർത്തന രഹിതമായതും പുനരുജ്ജീവനത്തിന് സാധ്യതയില്ലാത്തതുമായ സംഘങ്ങളെ സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (1) നിർദ്ദേശത്തിന്റെയും ഈ ഓഫീസിലെ 3-12-2022-ലെ JRMPM/250/2022AEL നമ്പർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കന്മനം ഓട്ടോ ടാക്സി തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 701-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (2) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തുന്നതിന് ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി സൂചന (3) പ്രകാരം പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

10-10-2003-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 25-10-2003-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത കന്മനം ഓട്ടോ ടാക്സി തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 701-ന്റെ പ്രവർത്തന പരിധി മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ വളവന്നൂർ, തിരുനാവായ, കൽപകഞ്ചേരി, ചെറിയമുണ്ടം, തലക്കാട് പഞ്ചായത്തുകളാണ്. സംഘം വർഷങ്ങളായി പ്രവർത്തനരഹിതമാണ്. നിലവിൽ സംഘത്തിന് ഓഫീസോ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഇല്ല .

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വകുപ്പ് 66 പരിശോധനയുടെ ഭാഗമായി മൊഴി രേഖപ്പെടുത്തുന്നതിന് 2004–2009 കാലത്തെ ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയെങ്കിലും 31-ാം നമ്പർ അംഗം ശ്രീ. രാജു, എ.പി. മാത്രമാണ് പരിശോധന ഉദ്യോഗസ്ഥ മുമ്പാകെ ഹാജരായി മൊഴി നൽകിയത്. സംഘം പ്രവർത്തനമാരംഭിച്ചെങ്കിലും സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഒരു സ്റ്റാഫ് ആണ് സംഘത്തിൽ ഉണ്ടായിരുന്നതെന്നും ഒരു കളക്ഷൻ ഏജന്റ് വഴി ഫണ്ട് സമാഹരണം നടത്തിയിരുന്നെങ്കിലും 3 മാസങ്ങൾക്ക് ശേഷം മതിയാക്കിയിട്ടുണ്ടെന്നും, സംഘത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി വ്യക്തമായ ധാരണ ഇല്ലായിരുന്നുവെന്നും സംഘത്തിന്റെ രേഖകളെപ്പറ്റി അറിവില്ലായെന്നും സംഘം പ്രവർത്തനക്ഷമമാക്കുന്നതിന് അംഗങ്ങൾക്ക് താൽപ്പര്യമില്ലെന്നും സംഘം പ്രവർത്തന രഹിതമായതിനാലും മുന്നോട്ട് പ്രവർത്തിക്കാൻ കഴിയില്ല എന്ന് ബോധ്യപ്പെട്ടതിനാലും സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ടിയാൻ മൊഴി നൽകിയിട്ടുണ്ട്.

സംഘത്തിൽ 2006-07-ന് ശേഷം ഓഡിറ്റ് നടന്നിട്ടില്ല. സംഘത്തിന്റെ നിയമാവലി, മിനുട്സ് ബുക്ക്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നാൾ വഴി, അംഗത്വ രജിസ്റ്റർ മുതലായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. സംഘത്തിന് കേരള ബാങ്ക് പുത്തനത്താണി ശാഖയിൽ ഉണ്ടായിരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വർഷങ്ങളായി പ്രവർത്തനരഹിതമായതിനെ തുടർന്ന് 8-1-2024-ൽ ഡെഫ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ മുൻ ഭരണസമിതിക്കോ അംഗങ്ങൾക്കോ യാതൊരു താൽപര്യവും ഇല്ല. യാതൊരു വിധത്തിലും പ്രവർത്തനക്ഷമമാക്കുവാൻ സാധ്യമല്ലാത്ത വിധം സംഘം പ്രവർത്തന രഹിതമായ സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 71 (2) (a) പ്രകാരം സംഘം സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് പരിശോധന ഉദ്യോഗസ്ഥ ശുപാർശ ചെയ്തിട്ടുണ്ട്.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിൽ പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന കന്മനം ഓട്ടോ ടാക്സി തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 701-നെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യതയില്ലാത്തതിനാൽ വകുപ്പ് 71 (1) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കന്മനം ഓട്ടോ ടാക്സി തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 701-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും വകുപ്പ് 72(1) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താനൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കി പത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)

നമ്പർ JRMPM/464/2025-HMC2. 2025 സെപ്റ്റംബർ 26.

വിഷയം: —തിരൂർ താലൂക്ക് ലേബേർസ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.857-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) സഹകരണ സംഘം രജിസ്ട്രാറുടെ 21-11-2022-ലെ RCS/7921/2022 AEL(1)നമ്പർ കത്ത്.

(2) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 13-2-2025-ലെ ARGTIR/985/2024-OI(1) നമ്പർ ഉത്തരവ്.

(3) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 14-5-2025-ലെ ARGTIR/985/2024- OI(1) നമ്പർ കത്തും 11-4-2025-ലെ വകുപ്പ് 66 പരിശോധനാ റിപ്പോർട്ടും.

(4) ഈ കാര്യാലയത്തിലെ 25-6-2025 തീയതിയിലെ ഇതേ നമ്പർ കത്ത്.

ദീർഘകാലമായി പ്രവർത്തന രഹിതമായതും പുനരുജ്ജീവനത്തിന് സാധ്യതയില്ലാത്തതുമായ സംഘങ്ങളെ സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (1) നിർദ്ദേശത്തിന്റെയും ഈ ഓഫീസിലെ 3-12-2022-ലെ JRMPM/250/2022AEL നമ്പർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ തിരൂർ താലൂക്ക് ലേബേർസ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 857-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (2) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തുന്നതിന് ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി പരാമർശം (3) പ്രകാരം പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

7-2-2012-ന് രജിസ്റ്റർ ചെയ്യപ്പെടുകയും, 21-4-2012-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത തിരൂർ താലൂക്ക് ലേബേർസ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 857-ന്റെ പ്രവർത്തന പരിധി മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ്. സംഘത്തിന് നിയമാവലിയിൽ പ്രതിപാദിച്ച ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. 18-10-2012-ൽ തെരഞ്ഞെടുത്ത സംഘം ഭരണസമിതി കാലാവധി കഴിയുന്ന മുറയ്ക്ക് പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാലും, അംഗങ്ങൾക്ക് താൽപര്യമില്ലാത്തതിനാലും സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നിലവിലില്ല.

വകുപ്പ് 66 പരിശോധനയുടെ ഭാഗമായി മൊഴി രേഖപ്പെടുത്തുന്നതിന് മുൻ ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയെങ്കിലും ആരുംതന്നെ ഹാജരായി മൊഴി നൽകിയിട്ടില്ല. സംഘം പ്രവർത്തനമാരംഭിച്ചെങ്കിലും സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംഘം വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ഭരണസമിതിയുടെ കാലാവധി 18-10-2017-ന് അവസാനിച്ചെങ്കിലും അംഗങ്ങൾക്ക് താൽപര്യമില്ലാത്തതിനാൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. സംഘത്തിൽ ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഇല്ല. സംഘത്തിന് നിലവിൽ ഓഫീസോ, പ്രവർത്തനങ്ങളോ ഒന്നും തന്നെയില്ല. സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിയമാവലി, അംഗത്വ രജിസ്റ്റർ, ഡേ ബുക്ക് എന്നിവ മുൻ ഭരണസമിതി അംഗമായ ശ്രീമതി സഫിയ പൂക്കാട്ടിൽ എന്നവരുടെ കൈവശമാണ്.

സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ മുൻ ഭരണസമിതിക്കോ അംഗങ്ങൾക്കോ യാതൊരു താൽപര്യവും ഇല്ല. യാതൊരു വിധത്തിലും പ്രവർത്തനക്ഷമമാക്കുവാൻ സാധ്യമല്ലാത്തവിധം സംഘം പ്രവർത്തനരഹിതമായ സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 71 (2) (a) പ്രകാരം സംഘം സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് പരിശോധന ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിൽ പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന തിരൂർ താലൂക്ക് ലേബേർസ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 857-നെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യതയില്ലാത്തതിനാൽ വകുപ്പ് 71 (1) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരുംതന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തിരൂർ താലൂക്ക് ലേബേർസ് മണൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 857-ന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും, വകുപ്പ് 72 (1) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തിരൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കി പത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും, ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ) ആഫീസ്, മലപ്പുറം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.14 03:08:15 +05:30